Most Rev. Dr. Varghese Chakkalakal
Bishop of Calicut

BISHOP'S HOUSE
P.B. NO. 1607, MALAPARAMBA
CALICUT - 673 009, KERALA, INDIA
Tel : 0091 495 2370313
Fax : 0091 495 2377013, Mob : 9847167863
E-mail : calicut_diocese@yahoo.com
www.calicutdiocese.com

19.02.2018

# സർക്കുലർ

**അഭിവന്ദ്യ മാക്സ്‌വെൽ പിതാവിന്റെ** 30-ാം ചരമദിനം നമ്മൾ ആചരിക്കുന്നത് മാർച്ച് 3-ാം തീയ്യതി ശനിയാഴ്ചയാണ്. കോഴിക്കോട് ദേവമാത കത്തീഡ്രലിൽ രാവിലെ 10.30-ന് ദിവ്യബലിയും അതിനുശേഷം അനുസ്മരണ സമ്മേളനവും നടക്കും. **കർദ്ദിനാൾ ജോർജ്ജ് ആലഞ്ചേരി പിതാവും അഭിവന്ദ്യ ജോസഫ് കളത്തിപറമ്പിൽ പിതാവും** മറ്റു പിതാക്കൻമാരും രാഷ്ട്രീയ നേതാക്കളും സാംസ്ക്കാരിക നായകന്മാരും കുർബ്ബാനയ്ക്കും അനുസ്മരണ സമ്മേളനത്തിലും സംബന്ധിക്കുന്നതായിരിക്കും. നിങ്ങളുടെ എല്ലാവരുടേയും സജീവസാന്നിദ്ധ്യം അന്നേ ദിവസം ഞാൻ പ്രതീക്ഷിക്കുന്നു. ഇതിന്റെ വിജയം നിങ്ങളുടെ പങ്കാളിത്തത്തെ ആശ്രയിച്ചിരിക്കും. നമ്മുടെ വത്സല പിതാവിനോട് കാണിക്കുന്ന ഏറ്റവും വലിയ ആദരവായിരിക്കും നിങ്ങളുടെ സാന്നിദ്ധ്യം.

നമ്മുടെ രൂപതയിലെ ഓരോ ഇടവകയിൽ നിന്നും കുറഞ്ഞത് 50 പേരെയെങ്കിലും കൊവരാൻ ബഹുമാനപ്പെട്ട വികാരിയച്ചൻമാർ ശ്രദ്ധിക്കേതാണ്. വലിയ ഇടവകകളിൽനിന്നും കൂടുതൽ പേർ വരേതാണ്. ഇവരെ കൊവരാനുള്ള ബസ്സ് സൗകര്യം ഒരുക്കാൻ വികാരിയച്ചൻമാരോട് നിർദ്ദേശിക്കുന്നു.

കോഴിക്കോട് ഫൊറോനയിലെ എല്ലാ ഇടവകകളിൽ നിന്നും സാധിക്കുന്ന എല്ലാ ഇടവകാംഗങ്ങളും സംബന്ധിക്കുന്നത് നന്നായിരിക്കും. ഇക്കാര്യത്തിൽ വികാരിയച്ചൻമാരുടെയും അജപാലന സമിതികളുടെയും സഹായം ഉാകണം.

നമ്മുടെ രൂപതയിലെ വിവിധ സംഘടനകളിൽ നിന്നും ആളുകളെ എത്തിക്കേ ചുമതല ഡയറക്ടർമാരെയും മറ്റു ഭാരവാഹികളെയും ഞാൻ ഏൽപ്പിക്കുന്നു. പ്രത്യേകിച്ച് ജീവന, കോൾപ്പിംഗ്, ലേബർ കമ്മീഷൻ, മാതൃവേദി, കെ.എൽ.സി.എ., കെ.എൽ.സി.ഡബ്ള്യൂ.എ., സെന്റ്. വിൻസെന്റ് ഡി പോൾ സൊസൈറ്റി, കെ.സി.വൈ.എം., സി.എൽ.സി., ലീജിയൻ ഓഫ് മേരി, കെ.സി.എസ്.എൽ., ജീസസ് യൂത്ത്.

സന്യസ്തരുടെ സാന്നിദ്ധ്യം ഉറപ്പാക്കാൻ പ്രൊവിൻഷ്യാൽമാരും സുപ്പീരിയർമാരും പ്രത്യേകം താൽപര്യം എടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

നിങ്ങൾക്കെല്ലാവർക്കും കൃപയുടെ ഒരു നോമ്പുകാലം ഞാൻ ആശംസിക്കുന്നു.

**സ്ഥലം: ദേവമാത കത്തീഡ്രൽ, കോഴിക്കോട്**
**സമയം:** 10:30am

സ്നേഹപൂർവ്വം,

+ V Chakkalakal

**ഡോ. വർഗ്ഗീസ് ചക്കാലക്കൽ**
**കോഴിക്കോട് രൂപത മെത്രാൻ**